LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ 'യംഗ് എന്റർപ്രണർ സമ്മിറ്റ് ' എന്ന പേരിൽ യുവ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു സംഗമം കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ 2014 സെപ്റ്റംബർ 12-ന് കൊച്ചിയിൽ വച്ച് സംഘടിപ്പിക്കുന്നുണ്ട്.

(ബി) എമർജിംഗ് കേരള സംഗമത്തിൽ 177 പദ്ധതി നിർദ്ദേശങ്ങളാണ് ലഭിച്ചത്. അതിൽ വിവിധ വകുപ്പുകളായി 148 പദ്ധതികൾ ഇപ്പോൾ നിലവിലുണ്ട്. ഇതിൽ 83 പദ്ധതികൾ പുരോഗമിച്ചുവരുന്നു. വിദേശത്തുനിന്നും സ്വദേശത്തു നിന്നുമുള്ള കമ്പനികളെ സംബന്ധിച്ച വിവരം ശേഖരിച്ചുനൽകുന്നതാണ്.

അതിവേഗ റെയിൽ പദ്ധതിയുടെ ലക്ഷ്യങ്ങൾ

171 (8007) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. എ. വാഹിദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എന്തെല്ലാം ലക്ഷ്യങ്ങളാണ് അതിവേഗ റെയിൽ പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) പദ്ധതിയുടെ വിശദമായ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതി നടപ്പാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം മുതൽ കാസർകോട് വരെ 526 കി.മീറ്റർ ദൈർഘ്യമുള്ള ഒരു അതിവേഗ റെയിൽപ്പാതയാണ് വിഭാവനം ചെയ്യുന്നത്. ഇതിന്റെ സാധ്യതാപഠന റിപ്പോർട്ട് പ്രകാരം ഈ പ്രോജക്ട് 90 കി.മീറ്റർ ഉപരിതലങ്ങളിലും 297 കി.മീറ്റർ ളണിന് മുകളിലും 126 കി.മീറ്റർ ഭൂമിക്കടിയിൽ കൂടിയുമാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഇതിന്റെ ആവശ്യത്തിലേക്കുള്ള ട്രാക്കിന് 20 മീറ്റർ വീതിയുള്ള സ്ഥലമേ ആവശ്യമുള്ളൂ. പാതയുടെ രൂട്ട്, വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിയ ശേഷമേ നിശ്ചയിക്കാൻ സാധിക്കുകയുള്ളൂ.

(ബി & സി) ഈ പദ്ധതിയുടെ വിശദമായ രൂപരേഖ ഡി.എം.ആർ.സി. തയ്യാറാക്കിവരുന്നു. ഇതിന്റെ സർവ്വേ ജോലികൾ 60% ഇതിനകം പൂർത്തീകരിച്ചിരിക്കുന്നു. സർവ്വേ ജോലികൾ പൂർത്തീകരിച്ച് പദ്ധതിരേഖ തയ്യാറാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.